പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 150

27.6.2011 ൽ
മറുപടിയ്ക്ക്

# നെടുമങ്ങാട് കേന്ദ്രമാക്കി ലാഭം മാർക്കറ്റ് ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി ; | | ശ്രീ. റ്റി.എം. ജേക്കബ് (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) | കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 890 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഇതിൽ എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെന്നറിയിക്കുമോ ; | ബി) | മാസത്തിൽ 3 ലക്ഷം രൂപ വിറ്റുവരവുള്ള മാവേലി സ്റ്റോറുകളാണ് ലാഭവും നഷ്ടവുമല്ലാതെ പ്രവർത്തിക്കുന്നായി കണക്കാക്കുന്നത്. എന്നാൽ മാവേലി സ്റ്റോറുകളിൽ രണ്ട് ലക്ഷത്തിൽ കുറവാണ് വിറ്റുവരവ് എങ്കിൽ അത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി കണക്കാക്കുന്നു. മെയ് 2011 ലെ വിറ്റുവരവ് കണക്കുകൾ പ്രകാരം ഇപ്പോൾ 52 മാവേലി സ്റ്റോറുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി കണക്കാക്കുന്നു. |
| സി) | ഈ സാമ്പത്തിക വർഷം പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; | സി) | മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകി, സാദ്ധ്യതാ പഠനം നടത്തി സാമൂഹികപരമായും വാണിജ്യപരമായും ഗുണകരമാണെന്ന് കണ്ടെത്തുന്ന സ്ഥലങ്ങളിൽ, ജീവനക്കാരുടെ ലഭ്യതയനുസരിച്ച് മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഡി) | നെടുമങ്ങാട് കേന്ദ്രമാക്കി ലാഭം മാർക്കറ്റ് തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം സജ്ജീകരിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) യും ഇ) യും | നെടുമങ്ങാട് മാവേലി സ്റ്റോർ ഉയർത്തി സൂപ്പർ മാർക്കറ്റ് ആക്കുന്നതിന് ആവശ്യമായ സ്ഥലം മാവേലി സ്റ്റോറിന് സമീപമായി കണ്ടെത്തിയിട്ടുണ്ട് എന്ന് റീജിയണൽ മാനേജർ അറിയിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അടിയന്തിരമായി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഇ) | എങ്കിൽ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പദ്ധതി തുടങ്ങാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ